പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 269

# 2009-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 269

# 2009-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

529/2009.

# 2009-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

1960-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള പോലീസ് ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 1984, ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 69-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള പോലീസ് ആക്റ്റിലെ, (1961-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "ഈ ആക്റ്റിന് അനുയോജ്യമായി" എന്ന വാക്കുകൾക്കുശേഷം "പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2009-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2009-ലെ 12), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

529/2009.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1960-ലെ കേരള പോലീസ് ആക്റ്റിൽ (1961-ലെ 5) മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയുംവിധം സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഇല്ലാത്തതിനാൽ, മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് പ്രസ്തുത ആക്റ്റിലെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ, അതിനാൽ, തീരുമാനിക്കുകയുണ്ടായി.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2009-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2009, ജൂൺ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2009 ജൂൺ 1-ാം തീയതിയിലെ 974-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009-ലെ 12-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ച 69-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാകുന്നു. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, ആയതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

കോടിയേരി ബാലകൃഷ്ണൻ

(ശരിത്തർജ്ജമ)

## 1960-ലെ കേരള പോലീസ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1961-ലെ 5)

** ** **

69. ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഗവൺമെന്റിന് അധികാരം.—(1) ഗവൺമെൻറിന് ഗസറ്റിൽ വിജ്ഞാപനംമൂലം ഈ ആക്റ്റിന് അനുയോജ്യമായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

** ** **